### വിനോദവും വിജ്ഞാനവും വാനോളം പകർന്ന് ഒരു ഹൈസ്കൂളിലെ വിദ്യാർഥികൾ ആരംഭിച്ച റേഡിയോ സ്റ്റേഷൻ 'സ്നോ വോയ്സ്' ഒരു വർഷം പിന്നിട്ടിരിക്കുന്നു

# ദിസ് ഈസ് സെന്റ് മേരീസ് ഹൈസ്കൂൾ ആൻഡ് യു ആർ ലിസണിംഗ് സ്നോ വോയ്സ്





പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്കൂൾ


പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്കൂളിൽ സ്നോ വോയ്സ് റേഡിയോയുടെ പ്രക്ഷേപണ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർഥികൾ

**ആന്റണി ഷെലിൻ**

മുനമ്പം പള്ളിപ്പുറം സെന്റ് മേരീസ് ഹൈസ്കൂളിലെ വിദ്യാർഥികൾ നല്ലതു കേൾപ്പിക്കാൻ തുടങ്ങിയിട്ട് ഒരു വർഷമായി. വിനോദത്തിലൂടെ വിജ്ഞാനമെന്ന ആശയത്തിന്റെ ഭാഗമായി സ്കൂളിൽ ആരംഭിച്ച സ്നോ വോയ്സ് എന്ന റേഡിയോ പ്രക്ഷേപണത്തിലൂടെയാണു വിനോദവും വിജ്ഞാനവും വാനോളം കേൾപ്പിക്കുന്നത്.

ഈ വർഷം ഓഗസ്റ്റ് 19നു സ്നോ വോയ്സ് ഒരു വർഷം പൂർത്തിയാക്കി. മുപ്പതു വിദ്യാർഥികളടങ്ങുന്ന സംഘമാണു സ്നോ വോയ്സിൽ റേഡിയോ ജോക്കികളായി പ്രവർത്തിക്കുന്നത്. ആറു പേരടങ്ങുന്ന അഞ്ച് ഗ്രൂപ്പുകളായി ഇവരെ തിരിച്ചിട്ടുണ്ട്. തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളിൽ ഓരോ ഗ്രൂപ്പും പരിപാടി അവതരിപ്പിക്കും. ഉച്ചയ്ക്ക് 1.15 മുതൽ 1.45 വരെയാണു റേഡിയോ പ്രക്ഷേപണം.

ന്യൂസ് റീഡിംഗിനു പുറമേ കലാരൂപങ്ങളെപ്പറ്റിയുള്ള പരിപാടിയായ സാംസ്കാരിക കേരളം, ക്വിസ് ടൈം, സർഗവേദി, ലോകരാഷ്ട്രങ്ങളിലൂടെ, കാവ്യമഞ്ജരി തുടങ്ങിയ പരിപാടികളും അവതരിപ്പിക്കുന്നുണ്ട്. നിങ്ങൾക്കുമാകാം കോടീശ്വരൻ എന്ന ടിവി പരിപാടിയുടെ മാതൃകയിൽ മണി പ്ലാന്റ് എന്നൊരു പരിപാടിയും സ്നോ വോയ്സിൽ പ്രക്ഷേപണം ചെയ്യുന്നുണ്ട്. അഞ്ചു ചോദ്യങ്ങളാണു പരിപാടിയിലുള്ളത്. ശരിയുത്തരം പറഞ്ഞാൽ 50 രൂപ സമ്മാനമായി നല്കുകയും ചെയ്യും. സ്കൂളിലെ വിദ്യാർഥികൾക്കും അധ്യാപകർക്കും ജന്മദിനാശംസകൾ നേരുന്നതിനായി ഫ്രണ്ട്സ് കോർണർ പ്രോഗ്രാമുമുണ്ട്.

## വിനോദവും വിജ്ഞാനവും വാനോളം

വിനോദത്തിലൂടെ വിജ്ഞാനം വിദ്യാർഥികൾക്കു പകരണമെന്ന ആശയമാണു സ്കൂളിൽ സ്നോ വോയ്സ് ആരംഭിക്കാൻ കാരണമായതെന്നു പ്രധാന അധ്യാപിക മോളി പറഞ്ഞു. പക്ഷേ സ്വന്തമായൊരു റേഡിയോ നിലയം തുടങ്ങുക അത്ര എളുപ്പമായിരുന്നില്ല. സാമ്പത്തികം, സാങ്കേതിക വശം എന്നിവ തന്നെയായിരുന്നു പ്രധാനപ്രശ്നം. സാമ്പത്തിക, സാങ്കേതിക സഹായത്തിന് ആരെ സമീപിക്കുമെന്നായിരുന്നു ആലോചന. ഒടുവിൽ ആലോചന ചെന്ന് അവസാനിച്ചതു സ്കൂളിലെ പൂർവ വിദ്യാർഥിയും മുനമ്പത്തെ പ്രമുഖ വ്യവസായിയുമായ അരുൾജാസിലായിരുന്നു. ആവശ്യം അറിയിച്ചപ്പോൾ തന്നെ അദ്ദേഹം സഹായസന്നദ്ധതയറിയിച്ചു. മൈക്രോഫോണും ആംപ്ലിഫയറും റെക്കോഡിംഗ് ഉപകരണങ്ങളും അരുൾജാസ് സംഭാവന ചെയ്ത പണം ഉപയോഗിച്ചു വാങ്ങി. റേഡിയോ നടത്തിപ്പിന് ആതിര അസോസിയേറ്റ്സിന്റെ സ്പോൺസർഷിപ്പും ലഭിച്ചു. ഇതോടെ സാമ്പത്തിക പ്രശ്നം പരിഹരിച്ചു.

രണ്ടാമത്തെ പ്രശ്നം സാങ്കേതികമായിരുന്നു. എന്നാൽ അതും വേഗം പരിഹരിക്കാൻ സാധിച്ചു. സ്വകാര്യ ചാനലിലെ പ്രവർത്തകരിൽനിന്നു സാങ്കേതിക സഹായം ലഭിച്ചു. റേഡിയോ ജോക്കികളെ പരിശീലിപ്പിക്കാൻ കൊച്ചി എഫ്എമ്മിലെ അവതാരക തെന്നൽ സഹായിച്ചതോടെ റേഡിയോ പ്രക്ഷേപണം ആരംഭിക്കാനുള്ള വഴികളെല്ലാം തെളിഞ്ഞു.

## സ്നോ വോയ്സ്

റേഡിയോ നിലയത്തിനു സ്നോ വോയ്സ് എന്നു പേരിടാൻ കാരണമെന്ത് എന്നാണ് എല്ലാവരുടെയും ചോദ്യം. അതിനു കാരണം പള്ളിപ്പുറത്തിന്റെ ചരിത്രം തന്നെയാണ്.

സ്നോ വോയ്സ് എന്ന പേരിനുമുണ്ടു ചരിത്ര പശ്ചാത്തലം. നൂറ്റാണ്ടുകൾക്കു മുൻപു പള്ളിപ്പുറത്ത് പടയോട്ടം നടത്തിയ ടിപ്പുവിന്റെ ആക്രമണത്തിൽ നിന്നു രക്ഷപ്പെടാൻ പല മാർഗങ്ങളും സ്വീകരിച്ചു. ഡച്ചുകാർ ഭരിച്ചിരുന്ന കാലത്തു പള്ളിപ്പുറത്ത് കോട്ട നിർമിച്ചു. എന്നാൽ ടിപ്പുവിന്റെ ആക്രമണത്തിൽ കോട്ട തകർന്നു. ഒടുവിൽ പ്രകൃതി തന്നെ ടിപ്പുവിനെ തോല്പിക്കാനായി എത്തി. പ്രദേശത്തു മഞ്ഞ് പെയ്തിറങ്ങിയതോടെ ടിപ്പു പടയോട്ടത്തിൽ നിന്നു പിന്മാറുകയായിരുന്നെന്നു പറയപ്പെടുന്നു. പള്ളിപ്പുറത്ത് മഞ്ഞുമാതാവിന്റെ പേരിൽ ദേവാലയമുണ്ട്. മഞ്ഞിനു പള്ളിപ്പുറവുമായി അഭേദ്യമായ ബന്ധമുണ്ട്. ഇംഗ്ലീഷിൽ സ്നോ എന്നറിയപ്പെടുന്ന മഞ്ഞ് അങ്ങനെയാണു റേഡിയോ നിലയത്തിന്റെ പേരായി സ്വീകരിക്കാൻ തീരുമാനിച്ചത്.

## ഒരു വർഷം പിന്നിടുന്ന പ്രക്ഷേപണം

സ്കൂളിൽ റേഡിയോ നിലയം ആരംഭിച്ചപ്പോൾ പലരും പങ്കുവച്ച ആശങ്ക ഇത് എങ്ങനെ നടത്തിക്കൊണ്ടുപോകും എന്നായിരുന്നു. എന്നാൽ ഒരു വർഷം പിന്നിടുമ്പോൾ എല്ലാവർക്കും അത്ഭുതം. ഒരിക്കൽ പോലും റേഡിയോ പ്രക്ഷേപണം മുടങ്ങിയിട്ടില്ലെന്നു സ്നോ വോയ്സിന്റെ സ്റ്റേഷൻ ഡയറക്ടറും അധ്യാപകനുമായ ടോമി ആന്റണി പറയുന്നു. സ്കൂളിലെ 900 ലധികം വിദ്യാർഥികൾ സ്നോ വോയ്സിലൂടെ പരിപാടി അവതരിപ്പിക്കുന്നുണ്ട്.

സ്നോ വോയ്സിന്റെ ശ്രോതാക്കൾ ഇപ്പോൾ വിദ്യാർഥികൾ മാത്രമല്ല സ്കൂളിനു സമീപമുള്ള വീട്ടുകാരുമുണ്ടെന്നു ടോമി ആന്റണി പറഞ്ഞു. സ്കൂളിലെ ഐടി അധ്യാപകനായ മൈക്കിൾ ആഞ്ചലോയാണ് റേഡിയോയുടെ സാങ്കേതിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്.

റേഡിയോയിൽ ഓരോ ദിവസവും പ്രക്ഷേപണം ചെയ്യേണ്ട ഷെഡ്യൂൾ തയാറാക്കുന്നതിനായി വിദ്യാർഥികളടങ്ങുന്ന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വി.എച്ച്. ഹംന, അലീന ജോൺസൺ, ആൽവിൻ അലക്സ്, ഗ്ലാഡ്വിൻ ജോയി, നിവിൻ വർഗീസ്, അഭിഷേക് ബിജു, സുനിത, ടി.പി. ആര്യ, ജോമോൾ എന്നിവരാണു കമ്മറ്റിയിലുള്ളത്.

## തീം സോംഗ്

നല്ലവരാകാൻ, നന്മയിൽ വളരാൻ, നല്ലതു മാത്രം കേൾപ്പിക്കാൻ....എന്നു തുടങ്ങുന്ന റേഡിയോ തീം സോംഗ് എഴുതിയതു ബാലസാഹിത്യകാരൻ സിപ്പി പള്ളിപ്പുറമാണ്. സംഗീതം നല്കിയത് ഗോപൻ സ്വരത്രയയുമാണ്. വിദ്യാർഥികളാണു തീം സോംഗ് പാടിയത്.

## പ്രക്ഷേപണം സ്കൂളിൽ മാത്രം

നിലവിൽ പ്രക്ഷേപണം സ്കൂളിൽ മാത്രമാണ്. സ്കൂളിലെ തന്നെ ഒഴിഞ്ഞ ഒരു മുറിയിലാണ് സ്റ്റുഡിയോ പ്രവർത്തിക്കുന്നത്. രണ്ടു കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഇവിടെയുണ്ട്. സ്കൂളിലെ 24 ക്ലാസ് മുറികളിലും അധ്യാപകരുടെ മുറിയിലും സ്പീക്കർ ഘടിപ്പിച്ചിട്ടുണ്ട്. സ്റ്റുഡിയോയിൽ നിന്നു കേബിൾ വഴിയാണു പരിപാടി ഓരോ മുറിയിലുമെത്തുന്നത്. ഒരു വയസ് പൂർത്തിയാക്കുന്ന സ്നോ വോയ്സിനെ ഇന്റർനെറ്റ് റേഡിയോയായി ഉയർത്താനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്.